# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ: സി.കെ.രാഘവൻ ഉണ്ണി)

ഉത്തരവ് നമ്പർ. ഇ7/33675/2015. തീയതി : 19-09-2015.

വിഷയം:- സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് - II തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- (1) ജി.ഒ.(പി) നം. 54/2010/SWD തീയതി. 10/08/2010
(2) ജി.ഒ.(പി) നം. 78/2012/SJD തീയതി. 27/12/2012
(3) 07/09/2015 ലെ സാമൂഹ്യനീതി ഡയറക്ടറുടെ ഇ9/30200/15 നമ്പർ നടപടിക്രമങ്ങൾ.
(4) 17/05/2015 ലെ സാമൂഹ്യനീതി ഡയറക്ടറുടെ ഇ9/11070/15 നമ്പർ നടപടിക്രമങ്ങൾ.

സാമൂഹ്യനീതി വകുപ്പിൽ പരാമർശം (1) പ്രകാരം 10/08/2010 തീയതി പ്രാബല്യത്തിൽ വന്ന കേരള സോഷ്യൽ വെൽഫെയർ സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടം കാറ്റഗറി 5 ൽ ഉൾപ്പെടുന്ന ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേയ്ക്ക് പരാമർശം (2) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള വിശേഷാൽ ചട്ട ഭേദഗതി ഖണ്ഡിക 2 (2) അനുസരിച്ച് 1 : 1 എന്ന അനുപാതത്തിൽ ഒന്നാം ഫീഡർ കാറ്റഗറിയായ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III/ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ, രണ്ടാം ഫീഡർ കാറ്റഗറിയായ ഹെഡ് അക്കൗണ്ടന്റ്/ഹെഡ് ക്ലാർക്ക് എന്നീ തസ്തികകൾക്കായി ഉദ്യോഗക്കയറ്റം നിജപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രകാരം ആകെയുള്ള 17 ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികളുടെ ഒന്നാം ഫീഡർ കാറ്റഗറിയ്ക്ക് 9 ഉം രണ്ടാം ഫീഡർ കാറ്റഗറിയ്ക്ക് 8 ഉം ആണ് കേഡർ സ്ട്രെങ്ത്. നിലവിൽ ഒന്നാം വിഭാഗത്തിൽ നിന്നും ഒരു ജീവനക്കാരനും രണ്ടാം വിഭാഗത്തിൽ നിന്നും മൂന്നു ജീവനക്കാരുമാണ് കാറ്റഗറി 5 ൽ ഉദ്യോഗക്കയറ്റം മുഖേന സേവനമനുഷ്ഠിച്ചു വരുന്നത്. ഇത് പ്രകാരം ഒന്നാം വിഭാഗത്തിന്റെ കേഡർ സ്ട്രെങ്തിൽപ്പെട്ട 8 ഒഴിവുകളും രണ്ടാം വിഭാഗത്തിന്റെ കേഡർ സ്ട്രെങ്തിൽപ്പെട്ട 5 ഒഴിവുകളും നിലവിലുണ്ട്. ഇത് സംബന്ധിച്ച് വിശദമായ പട്ടിക ചുവടെ ചേർക്കുന്നു.

| ഫീഡർ കാറ്റഗറി | ഫീഡർ കാറ്റഗറിയുടെ പേര് | കേഡർ സ്ട്രെങ്ത് | നിലവിലെ സ്ഥിതി | ഒഴിവുകൾ | അഭിപ്രായം |
|---|---|---|---|---|---|
| 1 | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III/ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ | 9 | 1 | 8 | -- |
| 2 | ഹെഡ് അക്കൗണ്ടന്റ്/ ഹെഡ് ക്ലാർക്ക് | 8 | 3 | 5 | -- |

(2) ഒന്നാം ഫീഡർ കാറ്റഗറിയായ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III/ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികകളുടെ സീനിയോരിറ്റി ലിസ്റ്റ് പരാമർശം (3) പ്രകാരവും രണ്ടാം ഫീഡർ കാറ്റഗറിയായ ഹെഡ് അക്കൗണ്ടന്റ്/ഹെഡ് ക്ലാർക്ക് എന്നീ തസ്തികകളുടെ സീനിയോരിറ്റി ലിസ്റ്റ് പരാമർശം (4) പ്രകാരവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ സീനിയോരിറ്റി ലിസ്റ്റുകളിൽപ്പെട്ട ചുവടെ ചേർക്കുന്ന ജീവനക്കാർക്ക് ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റത്തിന് അർഹതയുണ്ട്.

**പട്ടിക - 1. ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III/ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ**

| ക്രമ നമ്പർ | ജീവനക്കാരൻ/ ജീവനക്കാരിയുടെ പേര് | സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നമ്പർ |
|---|---|---|
| 1 | ശ്രീ. കെ. എം. അഹമ്മദ് റഷീദ് | 2 |
| 2 | ശ്രീ. പി. നാരായണൻ | 3 |
| 3 | ശ്രീമതി. ജീ. ലതിക | 4 |
| 4 | ശ്രീമതി. എം. സി. മോളി | 5 |
| 5 | ശ്രീമതി. റഷീദാ ബീഗം | 6 |
| 6 | ശ്രീ. തോമസ്സ് ജേക്കബ് | 9 |
| 7 | ശ്രീ.പി. കെ. മുഹമ്മദ് | 11 |
| 8 | ശ്രീമതി. റാബിയാ ഫൈസൽ | 12 |

**പട്ടിക - 2. ഹെഡ് അക്കൗണ്ടന്റ്/ഹെഡ് ക്ലാർക്ക്**

| ക്രമ നമ്പർ | ജീവനക്കാരൻ/ ജീവനക്കാരിയുടെ പേര് | സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നമ്പർ |
|---|---|---|
| 1 | ശ്രീമതി. പി. പ്രസീത | 1 |
| 2 | ശ്രീമതി. എം. എസ്സ്. ചിത്ര | 2 |
| 3 | ശ്രീമതി. വാസന്തി അമ്മാൾ പി. | 3 |
| 4 | ശ്രീമതി. കെ. രാജാമണി | 4 |
| 5 | ശ്രീമതി. സി. പ്രസന്നകുമാരി | 5 |

(3) ഈ സാഹചര്യത്തിൽ പട്ടിക (1) ൽ കാണിച്ചിട്ടുള്ള മൂന്നാം പരാമർശിത സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 8 പേർക്കും, പട്ടിക (2) ൽ കാണിച്ചിട്ടുള്ള നാലാം പരാമർശിത സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 5 പേർക്കും, ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ നിലവിലുള്ള ഒഴിവിൽ KS & SSR ചട്ടം 28 (എ) (i) പ്രകാരം ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് - II തസ്തികയിൽ 15380 - 25900 രൂപ ശമ്പളസ്കെയിലിൽ 1 :1 എന്ന അനുപാതത്തിൽ ഉദ്യോഗക്കയറ്റം നൽകി ചുവടെ ചേർത്തിരിക്കുന്ന പ്രകാരം നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേരും തസ്തി കയും ഇപ്പോൾ ജോലി നോക്കുന്ന കാര്യാലയവും | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തികയും കാര്യാലയവും | അഭിപ്രായം/ ചുമതല ക്രമീക രണം |
|---|---|---|---|
| 1 | ശ്രീ. കെ. എം. അഹമ്മദ് റഷീദ്, ചൈൽഡ് വെൽഫെയർ ഇൻസ്പെ ക്ടർ, RAD ഓഫീസ്, കോഴിക്കോട്. | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II, ഗവ. ഒബ്സർവേഷൻ ഹോം, വയനാട്. | |
| 2 | ശ്രീമതി. പി. പ്രസീത, ഹെഡ് അക്കൗണ്ടന്റ്, ICDS, തൂണേരി. | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II, ആശാഭവൻ (മെൻ), കോഴിക്കോട് | |
| 3 | ശ്രീ. പി. നാരായണൻ, ചൈൽഡ് വെൽഫെയർ ഇൻസ്പെ ക്ടർ, ഗവ. ചിൽഡ്രൻസ് ഹോം, തൃശ്ശൂർ. | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II, ഗവ. ഒബ്സർവേഷൻ ഹോം, കാസർഗോഡ്. | |
| 4 | ശ്രീമതി. എം. എസ്സ്. ചിത്ര, ഹെഡ് അക്കൗണ്ടന്റ്, ICDS, ഒറ്റപ്പാലം | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II, ഗവ. ഒബ്സർവേഷൻ ഹോം, പാലക്കാട് | |
| 5 | ശ്രീമതി. ജി. ലതിക, ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III, മഹിളാമന്ദിരം, കൊല്ലം. | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II, ഗവ. ഒബ്സർവേഷൻ ഹോം, പത്തനംതിട്ട. | ശ്രീമതി. ഷീജ, ICDS സൂപ്പർവൈ സർ, ICDS കൊല്ലം അർബൻ 1 പ്രോജക്ട് |
| 6 | ശ്രീമതി. വാസന്തി അമ്മാൾ.പി, ഹെഡ് അക്കൗണ്ടന്റ്, ജില്ലാ സാമൂഹ്യനീതി ഓഫീസ്, എറണാകുളം. | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II, ഗവ. ഒബ്സർവേഷൻ ഹോം, എറണാകുളം. | |
| 7 | ശ്രീമതി. എം. സി. മോളി, ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III, മഹിളാമന്ദിരം, തലശ്ശേരി. | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II, ഗവ. ഒബ്സർവേഷൻ ഹോം, മലപ്പുറം. | ശ്രീമതി. ശ്രീജ, ICDS സൂപ്പർവൈ സർ, ICDS തലശ്ശേരി പ്രോജക്ട് |
| 8 | ശ്രീമതി. കെ. രാജാമണി, ഹെഡ് അക്കൗണ്ടന്റ്, ജില്ലാ സാമൂഹ്യനീതി ഓഫീസ്, കോഴിക്കോട്. | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II, ഗവ. ഒബ്സർവേഷൻ ഹോം (ഗേൾസ്), കോഴിക്കോട് | |

| | | | |
|---|---|---|---|
| 9 | ശ്രീമതി. റഷീദാ ബീഗം<br>ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III,<br>ഡേ കെയർ ഹോം & വൃദ്ധസദനം,<br>തിരുവനന്തപുരം | ക്ഷേമസ്ഥാപന<br>സൂപ്രണ്ട് ഗ്രേഡ് II,<br>ഗവ. ഒബ്സർവേഷൻ<br>ഹോം, തിരുവനന്തപുരം | ശ്രീമതി. മായ കെ. എസ്, സൂപ്രണ്ട് ഗ്രേഡ് III (തിരുവനന്തപുരം വി.ടി. സി. യിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ) |
| 10 | ശ്രീമതി. സി. പ്രസന്നകുമാരി,<br>ഹെഡ് അക്കൗണ്ടന്റ്,<br>ICDS, കണ്ണൂർ റൂറൽ | ക്ഷേമസ്ഥാപന<br>സൂപ്രണ്ട് ഗ്രേഡ് II,<br>ശിശുവികലാംഗ<br>സദനം, തലശ്ശേരി,<br>കണ്ണൂർ. | |
| 11 | ശ്രീ. തോമസ്സ് ജേക്കബ്<br>ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III,<br>ഗവ. ബാലസദനം,<br>മായിത്തറ, ആലപ്പുഴ | ക്ഷേമസ്ഥാപന<br>സൂപ്രണ്ട് ഗ്രേഡ് II,<br>ഗവ. ഒബ്സർവേഷൻ<br>ഹോം, മായിത്തറ,<br>ആലപ്പുഴ | ശ്രീ. സെബാസ്റ്റ്യൻ അഗസ്റ്റിൻ, സൂപ്രണ്ട്, വൃദ്ധവികലാംഗ സദനം, ആലപ്പുഴ. |
| 12 | ശ്രീ.പി. കെ. മുഹമ്മദ്,<br>ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ,<br>ഗവ. ചിൽഡ്രൻസ് ഹോം (ബോയ്സ്), കോഴിക്കോട്. | ക്ഷേമസ്ഥാപന<br>സൂപ്രണ്ട് ഗ്രേഡ് II,<br>ഗവ. ഒബ്സർവേഷൻ<br>ഹോം, കണ്ണൂർ | |
| 13 | ശ്രീമതി. റാബിയാ ഫൈസൽ,<br>ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III,<br>പ്രത്യാശഭവൻ, തൃശ്ശൂർ | ക്ഷേമസ്ഥാപന<br>സൂപ്രണ്ട് ഗ്രേഡ് II,<br>ശിശുവികലാംഗ<br>സദനം, ആലപ്പുഴ. | ശ്രീമതി. പി. എസ്. ഉഷ, സൂപ്രണ്ട്, മഹിളാമന്ദിരം, തൃശ്ശൂർ. |

(4) മേൽപരാമർശിച്ച പ്രകാരം ഉദ്യോഗക്കയറ്റം നൽകുമ്പോൾ 2012 ലെ കേരള സോഷ്യൽ വെൽഫെയർ സർവ്വീസ് ഭേദഗതി ചട്ടം 2 (2) പ്രകാരം കാറ്റഗറി 5 ലെ ഓരോ വിഭാഗത്തിലെയും കേഡർ സ്ട്രെങ്ത്, നിലവിലുള്ള ജീവനക്കാർ, നിലവിലുള്ള ഒഴിവുകൾ എന്നിവ അടങ്ങുന്ന വിശദമായ പട്ടിക ചുവടെ ചേർക്കുന്നു.

| ഫീഡർ കാറ്റഗറി | ഫീഡർ കാറ്റഗറിയുടെ പേര് | കേഡർ സ്ടെങ്ത് | നിലവിലെ സ്ഥിതി | ഒഴിവുകൾ | അഭിപ്രായം |
|---|---|---|---|---|---|
| 1 | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III/ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ | 9 | 9 | 0 | |
| 2 | ഹെഡ് അക്കൗണ്ടന്റ്/ ഹെഡ് ക്ലാർക്ക് | 8 | 8 | 0 | |

(5) ആശാഭവൻ (മെൻ), കോഴിക്കോട്, ഗവ. ഒബ്സർവേഷൻ ഹോം, കാസർഗോഡ് എന്നീ ക്ഷേമ സ്ഥാപനങ്ങളിൽ മേൽ ഖണ്ഡിക (3) പ്രകാരം സൂപ്രണ്ട്മാരെ നിയമിക്കുന്ന സാഹചര്യത്തിൽ, ഈ സ്ഥാപനങ്ങളിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചിട്ടുള്ള യഥാക്രമം ശ്രീ.പി.പരമേശരൻ (ജൂനിയർ സൂപ്രണ്ട്, സാമൂഹ്യനീതി ഡയറക്ടറേറ്റ്), ശ്രീ. പി.എം.പങ്കജാക്ഷൻ (സൂപ്രണ്ട് ഗ്രേഡ് I, ചിൽഡ്രൻസ് ഹോം, കോട്ടയം) എന്നിവരുടെ വർക്കിംഗ് അരേഞ്ച്മെന്റ് നിയമനം ടി സ്ഥാപനങ്ങളിൽ നിയമിച്ചിട്ടുള്ള ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II -മാർ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് അവസാനിപ്പിച്ച് കൊണ്ടും ഉത്തരവാകുന്നു.

(6) ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ള ജീവനക്കാരനെ/ജീവനക്കാരിയെ ബന്ധപ്പെട്ട കാര്യാലയ മേധാവി ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും; ടിയാളുകൾ ഉദ്യോഗക്കയറ്റം ലഭിച്ച തസ്തികയിൽ ജോലിയിൽ പ്രവേശിച്ച്, വിടുതൽ/പ്രവേശനം എന്നിവ യഥാസമയം ഈ കാര്യാലയത്തിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ഉദ്യോഗക്കയറ്റം അനുവദിച്ചിട്ടുള്ള ജീവനക്കാരന് നിയമാനുസൃത യാത്രാബത്തയ്ക്കും പ്രവേശന കാലത്തിനും അർഹതയുണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)

**സാമൂഹ്യനീതി ഡയറക്ടർ (i/c)**

ബന്ധപ്പെട്ട ജീവനക്കാർക്ക്.

പകർപ്പ്:- (1) ബന്ധപ്പെട്ട കാര്യാലയ മേധാവികൾക്ക്.
(2) എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും.
(3) എല്ലാ മേഖലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും.
(4) സാമൂഹ്യനീതി ഡയറക്ടറുടെ സി. എ. യ്ക്ക്
(5) അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ഫിനാൻസ് ഓഫീസർ/ ലോ ഓഫീസർ.
(6) ഇ1 മുതൽ ഇ13 സീറ്റ് വരെ/എ. സെക്ഷൻ/ബിൽ സെക്ഷൻ/IT സെക്ഷൻ.
(8) സ്റ്റോക്ക് ഫയൽ/സ്പെയർ.

**ഉത്തരവിൻപ്രകാരം**

Abdulla

**സൂപ്രണ്ട്**